# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 861 — 30.11.2018-ന് മറുപടിയ്ക്ക്

## ഒ.ബി.സി ക്കാരിലെ മിശ്രവിവാഹിതരുടെ കുട്ടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) ഒ.ബി.സി ക്കാരിലെ മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ജാതിസർട്ടിഫിക്കറ്റും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും അനുവദിച്ചു വരുന്നത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;<br><br>(സി) ഈ ഉത്തരവ് നിലവിലിരിക്കെ മിശ്രവിവാഹിതരായ ദമ്പതിമാരിൽ ഒരാൾ മുന്നാക്ക സമുദായത്തിൽപ്പെട്ടവരാണെങ്കിൽ മക്കൾക്ക് സംവരണത്തിന് അവകാശമില്ലെന്ന് സർക്കാർ പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;<br><br>(ഡി) നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ എന്താണ് പറയുന്നതെന്ന് വ്യക്തമാക്കാമോ ? | (എ), (ബി), (സി) & (ഡി) പിന്നാക്ക വിഭാഗങ്ങളിലെ മിശ്രവിവാഹിതരുടെ മക്കൾക്ക് നോൺ ക്രീമിലെയർ സാക്ഷ്യപത്രം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവുകൾ നിലവിലില്ല. കേന്ദ്ര സർക്കാരിന്റെ 14.10.2004 -ലെ 36033/5/2004/Estt.(SCT) നമ്പർ ഓഫീസ് മെമ്മോറാണ്ടം, സംസ്ഥാന സർക്കാരിന്റെ 14.06.2010 -ലെ 27396/എഫ്3/2007/പജപവവിവ നമ്പർ സർക്കുലർ എന്നിവ അനുസരിച്ച് ഒരാളുടെ ക്രീമിലെയർ പദവി നിശ്ചയിക്കുന്നത് മാതാപിതാക്കളുടെ രണ്ടു പേരുടെയും പദവി പരിഗണിച്ചായിരിക്കണം.<br><br>മിശ്രവിവാഹിത ദമ്പതികളുടെ മക്കൾക്ക് അവർ ജീവിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് ഒ.ബി.സി. സർട്ടിഫിക്കറ്റ് നൽകുന്ന കാര്യവും, മാതാപിതാക്കളുടെ ക്രീമിലെയർ പദവി സംബന്ധിച്ച് തീരുമാനമെടുക്കാൻ പിന്നാക്ക വിഭാഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ